"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി 2024-25 സാമ്പത്തിക വർഷം അങ്കണവാടികളിൽ ഫർണ്ണിച്ചറുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.391/2024/WCDD തീയതി,തിരുവനന്തപുരം, 04-10-2024

---

പരാമർശം:-
1. കേന്ദ്ര സർക്കാരിന്റെ 01.03.2024 തീയതിയിലെ CD-II-14/2024-CD-II (e-112569) നം കത്ത്
2. വനിത ശിശു വികസന ഡയറക്ടറുടെ 14.08.2024 ലെ DWCD/3608/2024-ICDSA1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംയോജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് (1/5 of Operational AWCs) അഞ്ച് വർഷത്തിലൊരിക്കൽ Equipment & Furniture (Utensils, Mat/Carpet and other necessary equipments) വാങ്ങി നൽകുന്നതിന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം മെയിൻ അങ്കണവാടിയ്ക്ക് 10,000/- രൂപ നിരക്കിലും, മിനി അങ്കണവാടിയ്ക്ക് 7,000/- രൂപ നിരക്കിലും അഞ്ച് വർഷത്തിലൊരിക്കൽ Equipment & Furniture വാങ്ങി നൽകാവുന്നതാണ്.

(2) കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ് വർഷത്തെ APIP പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർ ത്തിക്കുന്ന 6597 മെയിൻ അങ്കണവാടികൾക്ക് 10,000/- രൂപ നിരക്കിൽ ഫർണിച്ചർ/ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. ഇതിലേയ്ക്കായി കേന്ദ്ര വിഹിതമായി 395.82 ലക്ഷം രൂപയും (60%), സംസ്ഥാന വിഹിതമായി 263.88 ലക്ഷം രൂപയും (40%) ചേർത്ത് 6,59,70,000/- രൂപ (ആറ് കോടി അൻപത്തിയൊൻപത് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) വിനിയോഗിക്കാവുന്നതാണ്.

(3) നടപ്പ് സാമ്പത്തിക വർഷം ഐ.സി.ഡി.എസ് പദ്ധതിയ്ക്കായി 2235-02-102-18 (01) പ്ലാൻ ശീർ ഷകത്തിൽ 291.48 കോടി രൂപയും 2235-02-102-18 (02) പ്ലാൻ ശീർഷകത്തിൽ 194.32

കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷത്തെ ഒന്നാം ക്വാർട്ടറിലേയ്ക്കുള്ള കേന്ദ്ര വിഹിതം ലഭ്യമായിട്ടുമുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഫർണിച്ചർ/ഉപകരണങ്ങൾ വാങ്ങുന്നതിനായി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിലും, അങ്കണവാടികൾക്ക് ഫർണിച്ചർ/ഉപകരണങ്ങൾ ഏറ്റവും അത്യാവശ്യമായതിനാലും സംസ്ഥാനത്തെ 6597 മെയിൻ അങ്കണവാടികൾ ക്ക് 10,000/- രൂപ നിരക്കിൽ ഫർണ്ണിച്ചർ / ഉപകരണങ്ങൾ (Utensils, Mat/Carper and other necessary equipment) ബ്ലോക്ക് തല പ്രൊക്യർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോട്ട കൂടി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് ശിശു വികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം വാങ്ങുന്നതിനും, ഇതിനായി 6 0 % കേന്ദ്ര വിഹിതം തുകയായ 3,95,82,000/- രൂപയും 40% സംസ്ഥാന വിഹിതമായ 2,63,88,000/- രൂപയും ചേർത്ത് ആകെ 6,59,70,000/- രൂപ (ആറ് കോടി അൻപത്തിയൊൻപത് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) പദ്ധതിയ്ക്കായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം. 40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനും, അങ്കണവാടികളിൽ ഉപയോഗ ശൂന്യമായിട്ടുള്ള സാധനങ്ങൾ നിലവിലെ ഉത്തരവുകൾ പാലിച്ച് discard ചെയ്യുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർ/ supervisor മാർക്ക് അനുവാദം നൽകുന്നതിനുമുള്ള ഭരണാനുമതി നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അങ്കണവാടികൾക്ക് ഫർണിച്ചർ/ഉപകരണങ്ങൾ ഏറ്റവും അത്യാവശ്യമായതിനാലും സംസ്ഥാനത്തെ 6597 മെയിൻ അങ്കണവാടികൾക്ക് 10,000/- രൂപ നിരക്കിൽ ഫർണ്ണിച്ചർ / ഉപകരണങ്ങൾ (Utensils, Mat/Carpet and other necessary equipment) ബ്ലോക്ക് തല പ്രൊക്യർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോട്ട കൂടി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് ശിശു വികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം വാങ്ങുന്നതിനും, ഇതിനായി 60% കേന്ദ്ര വിഹിതം തുകയായ 3,95,82,000/- രൂപയും 40% സംസ്ഥാന വിഹിതമായ 2,63,88,000/- രൂപയും ചേർത്ത് ആകെ 6,59,70,000/- രൂപ (ആറ് കോടി അൻപത്തിയൊൻപത് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) പദ്ധതിയ്ക്കായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം. 40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനും, അങ്കണവാടികളിൽ ഉപയോഗ ശൂന്യമായിട്ടുള്ള സാധനങ്ങൾ നിലവിലെ ഉത്തരവുകൾ പാലിച്ച് discard ചെയ്യുന്നതിന് ശിശു വികസന പദ്ധതി

ഓഫീസർമാർ/ supervisor മാർക്ക് അനുവാദം നൽകുന്നതിനുമുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sithara Vijayan**
**Date: 05-10-2024 11:34:35**
സെക്ഷൻ ഓഫീസർ